REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇന്ന് കലാശക്കൊട്ട്. വോട്ടെടുപ്പ് മറ്റന്നാൾ രാവിലെ ഏഴ് മുതൽ വൈകിട്ട് ആറു വരെ.
- നിശബ്ദ പ്രചാരണ വേളയിൽ മാതൃകാപെരുമാറ്റച്ചട്ടം കർശനമായി പാലിക്കണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ.
- മുതിർന്ന BJP നേതാവ് അമിത്ഷാ ഇന്ന് ആലപ്പുഴയിൽ പ്രചാരണത്തിനെത്തും.
- ഇന്ത്യ മുന്നണി അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ.
- തെറ്റായ പരസ്യങ്ങൾ നൽകുന്ന FMCG കമ്പനികളെക്കുറിച്ച് ആശങ്കയുണ്ടെന്ന് സുപ്രീം കോടതി.
- ISL ഫുട്ബോൾ സെമിഫൈനൽ ആദ്യപാദ മത്സരത്തിൽ മോഹൻ ബഗാനെതിരെ ഒഡിഷ FCയ്ക്ക് ജയം.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇന്ന് വൈകിട്ട് കലാശക്കൊട്ട്. ഒന്നര മാസത്തിലേറെയായി നാടും നഗരവും ഇളക്കി മറിച്ച പ്രചരണത്തിന് വൈകിട്ട് ആറിനാണ് തിരശ്ശീല വീഴുന്നത്. പരസ്യ പ്രചരണത്തിന്റെ അവസാന ദിവസം പരമാവധി അണികളെയെത്തിച്ച് ആവേശക്കൊടുമുടി തീർക്കാൻ ഒരുക്കത്തിലാണ് മുന്നണികൾ.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)........

കൊട്ടിക്കലാശത്തോടനുബന്ധിച്ച് മെഗാ റോഡ് ഷോയുൾപ്പെടെ വമ്പൻ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

മറ്റന്നാളാണ് വോട്ടെടുപ്പ്. രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറിന് അവസാനിക്കും. കേരളത്തിലെ 20 ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളാണ് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ ബൂത്തിലെത്തുന്നത്. കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ എട്ടു വീതവും, മധ്യപ്രദേശിലെ ഏഴും മണ്ഡലങ്ങൾ ഇതിലുൾപ്പെടുന്നു. അസം, ബിഹാർ സംസ്ഥാനങ്ങളിലെ അഞ്ചു വീതവും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മൂന്നു വീതവും, മണിപ്പൂർ, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ ഓരോ മണ്ഡലവും മറ്റന്നാൾ വിധിയെഴുതും.

✪✪✪

പരസ്യപ്രചാരണം ഇന്ന് വൈകിട്ട് 6 ന് അവസാനിക്കുമെന്നും മാതൃകാപെരുമാറ്റച്ചട്ടം എല്ലാവരും കർശനമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........(വോയ്സ്).................

നിശ്ശബ്ദ പ്രചാരണം മാത്രം അനുവദനീയമായ അവസാന 48 മണിക്കൂറിൽ നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്താൽ ക്രിമിനൽ പ്രൊസീജ്യർ കോഡ് ചട്ടം 144 പ്രകാരം നടപടി സ്വീകരിക്കും. ഉച്ചഭാഷിണികൾ ഉപയോഗിക്കാനോ ജാഥകളും പ്രകടനങ്ങളും സംഘടിപ്പിക്കാനോ പാടില്ല.

തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാനിടയുള്ള ഒരു പ്രദർശനവും അനുവദിക്കില്ല. ചട്ടം ലംഘിക്കുന്നവർക്ക് തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനു പൊലീസിന്റെയും എൻഫോഴ്സ്മെന്റ് ഏജൻസികളുടെയും കർശന പരിശോധന തുടരും.

വോട്ടർമാരെ സ്വാധീനിക്കുന്നതിന് നിയമവിരുദ്ധമായ പണം കൈമാറ്റം, സൗജന്യങ്ങളും സമ്മാനങ്ങളും നൽകൽ, മദ്യവിതരണം എന്നിവ കണ്ടെത്തിയാൽ കർശന നടപടിയെടുക്കും.

മദ്യവിതരണത്തിനും വിൽപനക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ഡലത്തിന് പുറത്ത് നിന്നെത്തിയ പാർട്ടി പ്രവർത്തകർ മണ്ഡലത്തിൽ തുടരാൻ അനുവദിക്കില്ലെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

വോട്ട് ചെയ്യുന്നതിന് പോളിങ് ബൂത്തിൽ എത്തുമ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ ഐഡി കാർഡ് ആണ് തിരിച്ചറിയിൽ രേഖയായി ഉപയോഗിക്കേണ്ടത്. എന്നാൽ എപിക് കാർഡ് കൈവശമില്ലാത്തവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച ഫോട്ടോപതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.സമ്മതിദാന അവകാശം വിനിയോഗിക്കുന്നതിലൂടെ രാഷ്ട്രനിർമാണത്തിൽ പങ്കാളികളാകാൻ ലഭിക്കുന്ന അവസരം എല്ലാ വോട്ടർമാരും അഭിമാനത്തോടെ ഉപയോഗപ്പെടുത്തണമെന്നും അത് എല്ലാ വോട്ടർമാരുടെയും ഉത്തരവാദിത്തമാണെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

✪✪✪

വോട്ടെടുപ്പ് ദിനമായ മറ്റന്നാൾ സംസ്ഥാനത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ ഗവൺമെന്റ്, അർധഗവൺമെന്റ്, വാണിജ്യ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് അവധി പ്രഖ്യാപിച്ചു .

✪✪✪

മുതിർന്ന BJP നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ രാവിലെ ആലപ്പുഴ പുന്നപ്ര കാർമൽ കോളേജ് ഗ്രൗണ്ടിൽ നടുക്കുന്ന NDA പൊതു യോഗത്തെ അഭിസംബോധന ചെയ്യും. തുടർന്ന് മഹാരാഷ്ട്രയിലെ അമരാവതിയിൽ നടക്കുന്ന പൊതുയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഇന്ന് വയനാട്ടിലെത്തും. സുൽത്താൻബത്തേരി, കമ്പളക്കാട് എന്നിവിടങ്ങളിലെ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

BJP തമിഴ്നാട് പ്രസിഡണ്ട് K അണ്ണാമലെയും ഇന്ന് വയനാട്ടിൽ പ്രചാരണത്തിനെത്തും.

✪✪✪

ഇന്ത്യാമുന്നണി അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. UDF

സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം സുൽത്താൻബത്തേരിയിൽ നടന്ന പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ ചരിത്രത്തിലില്ലാത്ത വിധം തൊഴിലില്ലായ്മയും പണപ്പെരുപ്പവും വിലക്കയറ്റവുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഒരു വർഷം രണ്ട് കോടി തൊഴിലവസരം നൽകുമെന്ന ഗ്യാരണ്ടി എവിടെയാണ് നടപ്പിലായതെന്നും ഖാർഗെ ചോദിച്ചു. കർഷകന്റെ വരുമാനം ഇരട്ടിയാക്കുമെന്ന് പറഞ്ഞു. എന്നാൽ ആ ഗ്യാരണ്ടിയും പാലിക്കപ്പെട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ എല്ലാവിഭാഗം ജനങ്ങളുടെയും പ്രത്യേകിച്ച് പാവപ്പെട്ടവരുടെയും, യുവാക്കളുടെയും, സ്ത്രീകളുടെയും, കർഷകരുടെയും ക്ഷേമം മുന്നിൽ കണ്ടു തയ്യാറാക്കിയ പ്രകടനപത്രികയാണ് കോൺഗ്രസ് മുന്നോട്ടുവെക്കുന്നതെന്നും ഖാർഗെ അറിയിച്ചു.

✪✪✪

രാജ്യത്തെ ജനാധിപത്യവും ഭരണഘടനയും സംരക്ഷിക്കുന്ന ഏക ദേശീയ പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് നേരത്തെ ചെങ്ങന്നൂരിൽ UDF സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ ഖാർഗെ പറഞ്ഞു. ജനങ്ങളുടെ ജീവിതവും, വിദ്യാഭ്യാസവും, വരുമാനവും സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് സമൂഹത്തെ വിഭജിക്കാതെ കോൺഗ്രസ് രാജ്യവ്യാപകമായി ജാതിസെൻസസ് നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

ചെറുപ്പക്കാർക്ക് മികച്ച വിദ്യാഭ്യാസവും തൊഴിലും, തൊഴിലവസരങ്ങളിൽ വനിതകൾക്ക് തുല്യ പ്രാധാന്യം, എല്ലാ തലങ്ങളിലും സാമൂഹ്യ നീതി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വനിതകൾക്ക് പ്രതിവർഷം ഒരുലക്ഷം രൂപ വീതം അക്കൗണ്ടിലേക്ക് നൽകും തുടങ്ങിയ ഉറപ്പുകളാണ് കോൺഗ്രസ് പ്രകടന പത്രികയിലെന്നും അദ്ദേഹം പറഞ്ഞു. ഈ പത്രിക മുസ്ലീം ലീഗിന്റേതാണെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന ഖാർഗെ തള്ളിക്കളഞ്ഞു.

✪✪✪

കേരളത്തിൽ വികസന വിഷയങ്ങളിൽ ഒന്നും പറയാൻ ഇല്ലാത്ത LDF ഉം UDF ഉം വൈകാരിക വിഷയങ്ങൾ ചർച്ചയാക്കുകയാണെന്ന് ബി.ജെ.പി ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുല്ലക്കുട്ടി ആരോപിച്ചു. C.A.A, ഇലക്ടറൽ ബോണ്ട് തുടങ്ങിയ വിഷയങ്ങളിൽ അനാവശ്യ പ്രചാരണങ്ങളാണ് ഇവർ നടത്തുന്നതെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. സംസ്ഥാനത്ത് BJP വൻ വിജയം കൈവരിക്കുമെന്നും അബ്ദുള്ളക്കുട്ടി പറഞ്ഞു.

✪✪✪

ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തിക ശക്തിയായി ഭാരതം മാറിയെന്ന് BJP നേതാവ് അൽഫോൺസ് കണ്ണന്താനം പറഞ്ഞു. NDA കോഴിക്കോട് മണ്ഡലം തെരഞ്ഞെടുപ്പ് പ്രചാരണ പൊതുയോഗം പെരുമണ്ണയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം .

✪✪✪

സീറ്റ് നിലനിർത്താൻ UDF ഉം തിരിച്ചുപിടിക്കാൻ LDF ഉം ഉറച്ച പ്രതീക്ഷയുമായി NDA യും അത്യന്തം വാശിയേറിയ പ്രചാരണ പോരാട്ടമാണ് കണ്ണൂർ ലോക് സഭാ മണ്ഡലത്തിൽ കാഴ്ചവെച്ചത്. അവസാന മണിക്കൂറുകളിൽ കൊണ്ടുപിടിച്ച പ്രചാരണത്തിലൂടെ വോട്ടുറപ്പിക്കാൻ ശ്രമത്തിലാണ് മൂന്നു മുന്നണികളിലെയും സ്ഥാനാർഥികൾ.

വിശദംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.......(വോയ്സ്)....................

✪✪✪

രാഹുൽ ഗാന്ധിക്കെതിരെ നിലമ്പൂർ MLA പി.വി അൻവർ നടത്തിയ അപകീർത്തി പരാമർശത്തിനെതിരെ നടപടി ആവശ്യപ്പെട്ട് UDF സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. UDF വയനാട് ലോക്സഭ മണ്ഡലം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ജനറൽ കൺവീനർ എ.പി അനിൽകുമാർ MLA യാണ് പരാതി നൽകിയത്. വയനാട് ലോക്സഭാ മണ്ഡലത്തിന്റെ ഭാഗമായ നിലമ്പൂരിലെ MLA അധിക്ഷേപ പരാമർശങ്ങൾ നടത്തിയത് UDF പ്രവർത്തകരെ പ്രകോപിപ്പിക്കാനും തെരഞ്ഞെടുപ്പ് കാലത്തെ സമാധാനന്തരീക്ഷം ഇല്ലാതാക്കാനുമാണെന്ന് പരാതിയിൽ പറയുന്നു.

✪✪✪

ഒരു രാജ്യം, ഒരു ഭാഷ, ഒരു മതം എന്ന മുദ്രാവാക്യമാണ് പ്രധാനമന്ത്രി ഉയർത്തുന്നതെന്ന കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധിയുടെ പ്രസ്താവനക്കെതിരെ BJP ലീഗൽ സെൽ എറണാകുളം ജില്ലാ കൺവീനർ സിനു ജി. നാഥ് കൊച്ചി സെൻട്രൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പ്രസ്താവന ദുരുപദിഷ്ടവും സമൂഹത്തിൽ സ്പർധ വളർത്താൻ ഇടയാക്കുന്നതാണെന്നും പരാതിയിൽ പറയുന്നു.

✪✪✪

വടകരയിലെ UDF സ്ഥാനാർഥിക്ക് LDF സ്ഥാനാർഥി വക്കീൽ നോട്ടീസയച്ചു. സാമുഹ്യ മാധ്യമങ്ങൾ വഴി ചില UDF പ്രവർത്തകർ അപകീർത്തികരമായ പ്രചാരണം നടത്തുന്നുവെന്നാരോപിച്ചാണ് നോട്ടീസ്.

✪✪✪

പതഞ്ജലിയെ കുറിച്ച് മാത്രമല്ല, തെറ്റായ പരസ്യങ്ങൾ നൽകുന്ന എല്ലാ FMCG കമ്പനികളെക്കുറിച്ചും പൊതു താത്പര്യം മുൻനിർത്തി കോടതിക്ക് ആശങ്കയുണ്ടെന്ന് സുപ്രീം കോടതി വ്യക്തമാക്കി. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് പതഞ്ജലിക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നൽകിയ കോടതിയലക്ഷ്യ കേസ് പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. ബാബ രാംദേവിനെയും അദ്ദേഹത്തിന്റെ അസോസിയേറ്റ് ആചാര്യ ബാലകൃഷ്ണനെയും ചോദ്യം ചെയ്ത സുപ്രീം കോടതി, പത്രങ്ങളിൽ പ്രസിദ്ധീകരിച്ച മാപ്പപേക്ഷ, ഹെർബൽ മരുന്നുകളുടെ സാധാരണ ഒന്നാം പേജ് പരസ്യം പോലെ വലുതും ചെലവേറിയതുമാണോ എന്ന് ചോദിച്ചു.

അലോപ്പതി ഡോക്ടർമാരുടെ അധാർമ്മിക പ്രവർത്തനങ്ങളെക്കുറിച്ച് ലഭിച്ച പരാതികളിൽ ഹർജിക്കാരായ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനെ മുന്നറിയിപ്പ് നൽകിയ കോടതി, തെറ്റിദ്ധരിപ്പിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ കഴിഞ്ഞ മൂന്നു വർഷം എടുത്ത നടപടികളെക്കുറിച്ച് സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്ര മന്ത്രാലയങ്ങളോട് നിർദേശിച്ചു.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ ആദ്യപാദ മത്സരത്തിൽ മോഹൻ ബഗാനെതിരെ ഒഡിഷ FCയ്ക്ക് ജയം. ഭുവനേശ്വറിൽ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് ഒഡിഷ, മോഹൻ ബഗാനെ കീഴടക്കിയത്.

രണ്ടാം സെമി ഫൈനലിന്റെ ആദ്യപാദത്തിൽ ഇന്ന് FC ഗോവ മുൻ ചാമ്പ്യന്മാരായ മുംബൈ സിറ്റി FC യുമായി വൈകീട്ട് 7.30ന് ഗോവയിൽ മത്സരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയ്ന്റ്സിന് ജയം. ചെന്നൈയിൽ ചെന്നൈ സൂപ്പർ കിങ്സ്-നെ 6 വിക്കറ്റിനാണ് അവർ തോൽപ്പിച്ചത്.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും . ഡൽഹിയിൽ രാത്രി 7-30 നാണ് മത്സരം.

✪✪✪

പാലക്കാട് വയോധികൻ സൂര്യാതപമേറ്റ് മരിച്ചു. കുത്തന്നൂർ പനയങ്കടം വീട്ടിൽ ഹരിദാസൻ ആണ് മരിച്ചത്. വീടിന് സമീപം വെയിലത്ത് പൊള്ളലേറ്റ് മരിച്ച നിലയിലാണ് ഇയാളെ കണ്ടെത്തിയത്.

✪✪✪

സംസ്ഥാനത്ത് ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശനിയാഴ്ച വരെ പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, കോഴിക്കോട് ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കാം.

ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോട്ടയം, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

മോശം കാലാവസ്ഥയെത്തുടർന്ന് ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 15 വിമാനങ്ങൾ വഴിതിരിച്ചു വിട്ടു. ഒമ്പത് വിമാനങ്ങൾ ജയ്പൂരിലേക്കും രണ്ടെണ്ണം വീതം അമൃത്സർ, ലഖ്നൗ എന്നിവിടങ്ങളിലേക്കും മുംബൈ, ചണ്ഡീഗഢ് എന്നിവിടങ്ങളിലേക്ക് ഒന്ന് വീതവുമാണ് വഴിതിരിച്ചുവിട്ടത്.

ഇന്നലെ വൈകിട്ട് ഡൽഹിയുടെ പല ഭാഗങ്ങളിലും മഴ ലഭിച്ചതോടെയാണ് കാലാവസ്ഥയിൽ പെട്ടെന്ന് മാറ്റം വന്നത്.

✪✪✪